അതിന് സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും ചെയ്തത് നല്ല കാര്യമാണ്. സ്ത്രീകളോടും കുട്ടികളോടും എന്തിനാണ് പരിഭവം ? അദ്ദേഹം സ്ത്രീ വിരോധിയല്ല. അദ്ദേഹം മാതാവിനേയും പെങ്ങളേയും ഭാര്യയേയും സ്നേഹിക്കുന്ന യാളാണ്. പക്ഷേ എന്നിട്ടു പോലും........

ഡോ. എം. കെ. മുനീർ: സർ, കേന്ദ്രത്തിന്റെതായ നിലവിലുള്ള നിയമങ്ങൾ എൻഫോഴ്സ് ചെയ്താൽത്തന്നെ ഇവിടത്തെ സ്ത്രീകളും കുട്ടികളും ഇത്തരം പീഡനങ്ങളിൽ നിന്ന് രക്ഷപ്പെടും. ധാരാളം നിയമങ്ങളുണ്ടാകുക എന്നതിനെക്കാൾ ഉള്ള നിയമങ്ങൾ എൻഫോഴ്സ് ചെയ്യാനുള്ള സംവിധാനങ്ങളുണ്ടാക്കുക എന്നതിന് പ്രാധാന്യം കൊടുക്കണം. ഇപ്പോഴുള്ള നിയമങ്ങൾ എൻഫോഴ്സ് ചെയ്യുന്നതിനുള്ള എല്ലാ സംവിധാനങ്ങളുമുണ്ടായിട്ടുണ്ട്. സ്ത്രീകളും കുട്ടികൾക്കും സുരക്ഷിതമായ ഒരു സംസ്ഥാനമായി വരുംനാളുകളിൽ കേരളത്തെ മാറ്റിയെടുക്കാൻ സാധിക്കും അതിനുവേണ്ടിയുള്ള എല്ലാ സംവിധാനങ്ങളുമുണ്ട്, അതിന് എല്ലാവരും സഹകരിക്കണം.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, 'സ്നേഹപൂർവ്വം' ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ ആവിഷ്കരിച്ച ആളാണ് ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രി. ഇതൊക്കെയാണെങ്കിലും കുട്ടികളുടെ കാര്യം ഇപ്പോഴും സുരക്ഷിതമല്ല. നമ്മുടെ സംസ്ഥാനത്തെ കുട്ടികൾ പീഡിപ്പിക്കപ്പെടുന്നത് ബഹുമാനപ്പെട്ട ചെയറിനും അറിയാം അതുകൊണ്ട് ഈ ബിൽ തുടരണം തുടർച്ച വേണം

മി. സ്പീക്കർ: അങ്ങേയ്ക്ക് ചർച്ച തുടരാവുന്നതാണ്

(ചർച്ച തുടരും)

## IX 2011-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബിൽ

ശ്രീ. സാജു പോൾ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ്: സർ, 2003-ലെ കേരള ജലസംരക്ഷണ നിയമമനുസരിച്ച് കേരളത്തിലെ എല്ലാ ജലസ്രോതസ്സുകളും സർക്കാരിന്റേതാണ്. ഇതനുസരിച്ചുള്ള സംരക്ഷണ പ്രവർത്തനങ്ങളാണ് ജലസേചന വകുപ്പ് നടപ്പിലാക്കിവരുന്നത്. 2011-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബില്ലിൽ സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

ഉൾപ്പെടുത്തിയിരുന്നു. ജലവിഭവ നിയന്ത്രണ ബോർഡ്/അതോറിറ്റി രൂപീകരിച്ച് ജലാശയങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം ഉറപ്പാക്കണമെന്നാണ് ബില്ലിലെ പ്രധാന നിർദ്ദേശം. എന്നാൽ കേരള സംസ്ഥാനത്തെ പ്രധാന ജലസ്രോതസ്സുകളായ നദികളേയും തണ്ണീർത്തടങ്ങളേയും സംരക്ഷിക്കുന്നതിനായി കേരള ജലസേചന സംരക്ഷണ നിയമം 2003 ഭേദഗതി ചെയ്ത് സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ബിൽ, ബിൽ നമ്പർ 184 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. പ്രസ്തുത ബില്ലിൽ സംസ്ഥാനത്തെ ജലസ്രോതസ്സുകളെ സംരക്ഷിക്കുന്നതിന് വികേന്ദ്രീകൃതമായ രീതിയിൽ സംസ്ഥാന നദി-തണ്ണീർത്തട അതോറിറ്റി, നദീതട ബോർഡുകൾ, തണ്ണീർത്തട വികസന ബോർഡുകൾ എന്നീ സംവിധാനങ്ങളുണ്ടാകണമെന്ന് വിവക്ഷ ചെയ്തിട്ടുണ്ട്.

ശ്രീ. സാജു പോൾ: സർ, ഇവിടെ നിയമമുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അംഗീകരിക്കുന്നു. ഇപ്പോഴും ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ ജലനിർഗ്ഗമന മാർഗ്ഗങ്ങളില്ല. നമ്മുടെ റോഡുകളിൽ മുഴുവൻ വെള്ളം കെട്ടിക്കിടക്കുകയാണ്. ഭൂഗർഭ ജലസ്രോതസ്സുകൾ അന്യാധീനമായിക്കൊണ്ടിരിക്കുകയാണ്. നിയമസഭാമന്ദിരത്തിന് ചുറ്റും എം.എൽ.എ. ഹോസ്റ്റലിലും മുറ്റങ്ങളെല്ലാം ടൈൽ വിരിച്ചും കല്ല് പാകിയും ഭൂഗർഭജലസ്രോതസ്സുകൾ അന്യാധീനമാകുന്ന അവസ്ഥയുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനെല്ലാം ഒരു പ്രതിവിധി എന്ന നിലയ്ക്കാണ് ഈ ബിൽ. ഫലത്തിൽ കുടിവെള്ളം വലിയ പ്രശ്നമായിരിക്കുകയാണ്. അതിനേക്കാൾ രൂക്ഷമാണ് വെള്ളംകുടിയുടെ പ്രശ്നം. ഈ രണ്ടുപ്രശ്നവും രൂക്ഷമാകുന്ന സ്ഥിതിയാണുള്ളത്. വെള്ളംകുടിയുടെ പ്രശ്നത്തിൽ നിലവിൽ ബാറിൽനിന്നും ബിവറേജസ്സിലേയ്ക്കുള്ള ക്യൂ മാറിയെന്നതൊഴിച്ചാൽ ഈ സർക്കാർ ചെയ്തത് വലിയ ഉപകാരമാണ്. കുടിവെള്ളവുമില്ല, വെള്ളംകുടിയും നടക്കാത്ത അവസ്ഥയാണുള്ളത്. ആളുകൾ എങ്ങനെ കഴിഞ്ഞുകൂടുമെന്നുള്ളത് പ്രധാന വിഷയമാണ്. ഞാൻ അതിന്റെ മറ്റു വശങ്ങളിലേയ്ക്ക് പോകുന്നില്ല. നിശ്ചയമായും ജലസ്രോതസ്സുകൾ അന്യാധീനമാകാതിരിക്കാനുള്ള കർശന നടപടിയുണ്ടാകണം. റോഡുകളിൽ വെള്ളം കെട്ടിക്കിടന്ന് റോഡുകൾ നശിക്കാതിരിക്കാനുള്ള സംവിധാനമാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആയതിനാൽ ചർച്ച തുടരുന്നതാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് തുടരാവുന്നതാണ്.

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly